(സി) വിവരം ശേഖരിച്ച് മറുപടി സമർപ്പിക്കുന്നതാണ്.

(ഡി) യാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടെന്ന് ബോദ്ധ്യപ്പെട്ടതും വരുമാന ക്കുറവ് രേഖപ്പെടുത്തിയതുമായ ഏതാനും സർവ്വീസുകളുടെ സമയക്രമം വീണ്ടും പരിഷ്കരിക്കുകയുണ്ടായി.

(ഇ) വിവരം ശേഖരിച്ചു മറുപടി സമർപ്പിക്കുന്നതാണ്.

91 (1540) ഇൻസ്പെക്ഷൻ വിഭാഗം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. വക ബസുകളിൽ ടിക്കറ്റ് എടുക്കാതെ ആളുകൾ യാത്ര ചെയ്യുന്നുവെന്ന വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ;

(ബി) ഇപ്രകാരം യാത്ര ചെയ്തതുമൂലം പ്രതിവർഷം കെ.എസ്.ആർ. ടി.സി. ക്ക് എത്രമാത്രം വരുമാനചോർച്ചയുണ്ടാകുന്നു എന്ന കാര്യം കണക്കാ ക്കിയിട്ടുണ്ടോ; എങ്കിൽ എന്തു മാത്രം വരുമാനചോർച്ചയാണ് ഉണ്ടാകുന്നത്;

(സി) ടിക്കറ്റ് ഇല്ലാതെ യാത്ര ചെയ്യുന്നവരെ കണ്ടെത്തി നടപടികൾ കൈക്കൊള്ളുവാൻ എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ; ഇല്ലെ ങ്കിൽ ഇതിനുള്ള നടപടികൾ കൈക്കൊള്ളുമോ;

(ഡി) കെ.എസ്.ആർ.ടി.സി.യുടെ ചെക്കിംഗ് ഇൻസ്പെക്ഷൻ വിഭാഗം കാര്യക്ഷമമാക്കാൻ നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കണക്കാക്കിയിട്ടില്ല.

(സി) ടിക്കറ്റില്ലാത്ത യാത്രക്കാരെ കണ്ടെത്തി നടപടി സ്വീകരിക്കുവാ നുള്ള സംവിധാനം നിലവിലുണ്ട്.

(ഡി) ഇൻസ്പെക്ഷൻ വിഭാഗം കാര്യക്ഷമമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

92 (1541) ദേശസാൽക്കരണം നടത്തുന്ന റൂട്ടുകൾ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സംസ്ഥാനത്തെ ഏതൊക്കെ റൂട്ടുകളാണ് ദേശ സാൽക്കരണം നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ റൂട്ടുകൾ ദേശസാൽക്കരണം നടത്തുന്നതോടെ എത്ര സർവ്വീസുകൾ നടത്തേണ്ടിവരുമെന്നും അതിന് എത്ര ബസുകൾ വാങ്ങേണ്ടി വരുമെന്നും കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) കെ.എസ്.ആർ.ടി.സി. യെ നവീകരിക്കാനുള്ള എന്തെങ്കിലും പദ്ധതിയുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) കെ.എസ്.ആർ.ടി.സി. യുടെ ഷെഡ്യൂളുകൾ വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ദേശവൽകൃത മേഖലയും ഗ്രാമപ്രദേശങ്ങൾക്കും കൂടുതൽ വരുമാനം ലഭിക്കുന്ന മേഖലക്കും ഊന്നൽ നൽകും. ദീർഘദൂര സർവ്വീസുകൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ തീരുമാനിച്ചു. ഉയർന്നതരം സർവ്വീസുകൾക്ക് മുന്തിയതരം സീറ്റുകളോടു കൂടിയ വാഹനങ്ങൾ ഉപയോഗിച്ചു തുടങ്ങി. ഇത്തരത്തിലുള്ള സർവ്വീസുകൾക്ക് രണ്ടു വർഷത്തിൽ താഴെ പഴക്കമുള്ള വാഹനങ്ങൾ മാത്രമേ ഉപയോഗിക്കാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എല്ലാ യൂണിറ്റുകളെയും ഹെഡ് ഓഫീസിനേയും ബന്ധിപ്പിച്ചുകൊണ്ട് കമ്പ്യൂട്ടർ നെറ്റ്വർക്ക് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു. കെ.എസ്.ആർ.ടി.സി. യുടെ വരുമാനചോർച്ച തടയുന്നതിനായി ചെക്കിംഗ് വിഭാഗം കാര്യക്ഷമമാക്കുവാനും നടപടിയായി. സാമ്പത്തിക ലഭ്യതയനുസരിച്ച് പ്രധാനപ്പെട്ട ബസ് സ്റ്റേഷനുകൾ കൂടുതൽ സൗകര്യപ്രദമാക്കും. ഇത്തരത്തിൽ വികസനത്തിന്റെ പാതയിലാണ് കെ.എസ്.ആർ.ടി.സി.

93 (1542) കെ.എസ്.ആർ.ടി.സി. യിലെ എസ്.സി.എസ്.ടി. ജീവനക്കാർ

ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1984-85 വർഷം ഹരിജനക്ഷേമവർഷമായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ 2.8.84-ൽ താല്ക്കാലിക സർവ്വീസിലുണ്ടായിരുന്ന എസ്.സി., എസ്.ടി. ജീവനക്കാരെ സ്ഥിരപ്പെടുത്താൻ സർക്കാർ ഇറക്കിയ ഉത്തരവ് കെ.എസ്.ആർ.ടി.സി. യിൽ എന്നുമുതലാണ് നടപ്പിലാക്കിയത്;

(ബി) സർക്കാർ ഉത്തരവ് അതേപടി നടപ്പാക്കാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ;

(സി) മേൽ ഉത്തരവ് യഥാസമയം നടപ്പാക്കി കിട്ടണമെന്ന് ആവശ്യപ്പെട്ട് കെ.എസ്.ആർ.ടി.സി. യിലെ ഡ്രൈവർ ജെ. രവീന്ദ്രൻ സമർപ്പിച്ച ഹർജികളിന്മേൽ എന്ത് നടപടി സ്വീകരിച്ചു;

(ഡി) ശ്രീ. ജെ. രവീന്ദ്രന് മേൽ ആനുകൂല്യം നടപ്പാക്കിക്കൊടുക്കുമോ;

(ഇ) നൽകുമെങ്കിൽ എത്ര ദിവസംകൊണ്ട് നൽകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(ഇ) വിവരം ശേഖരിച്ചു മറുപടി സമർപ്പിക്കുന്നതാണ്.

94 (1543) കെ.എസ്.ആർ.ടി.സി. യിലെ ജീവനക്കാർ

ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly